# ഗവണ്മെന്റ് എൽ പി സ്കൂൾ
# പൂവംപൊയിൽ




# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025..26

# ആമുഖം

"Education is the manifestation of Perfection that already exist in man"

— SWAMI VIVEKANANDAN —

മനുഷ്യരിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ പരിപോഷിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത്. കേവലം വിദ്യ അഭ്യസിക്കുക എന്നതിലുപരി മനുഷ്യന്റെ മാനസികവും, വൈകാരികവും, വൈജ്ഞാനികവും, കായികവുമായ വികാസമാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ വികാസപ്രക്രിയയുടെ രൂപാന്തരം നടക്കുന്ന ഇടങ്ങളാണ് വിദ്യാലയങ്ങൾ. അതിന്റെ പൂർണതയ്ക്ക് ഭൗതികസാഹചര്യങ്ങൾ, പഠനമാധ്യമങ്ങൾ, സമൂഹം എന്നിവയുടെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം അനിവാര്യമാണ്. വിദ്യാലയവും വിദ്യാലയകാഴ്ചപ്പാടുകളും അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഞങ്ങളുടെ വിദ്യാലയത്തിൽ പുതിയ വികസന കാഴ്ചപ്പാടുകൾക്കനുസരിച്ച് നടക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമായ പ്രവർത്തനങ്ങളുടെ ഒരു ചെറിയ രൂപരേഖയാണിത്

കണ്ണൂർ ജില്ലയിൽ പേരാവൂർ ബ്ലോക്കിൽ മാലൂർ ഗ്രാമപഞ്ചായത്തിൽ ഒമ്പതാം വാർഡിൽ താറ്റ്യാട് എന്ന സ്ഥലത്ത് 1981ലാണ് ഗവ: എൽ.പി. എസ് പൂവ്വംപൊയിൽ സ്ഥാപിതമായത്. 1 മുതൽ 4 വരെ ക്ലാസുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ആകെ 33 കുട്ടികളും 4 അധ്യാപകരുമുണ്ട്. ഇതിനു പുറമേ 7 കുട്ടികൾ പഠിക്കുന്ന, പി.ടി.എയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറിയും ഉണ്ട്. കൂടാതെ ഒരു പി.ടി.സി.എം, ഒരു പാചകത്തൊഴിലാളി, പ്രീ-പ്രൈമറി ടീച്ചർ ഇവരും ഉണ്ട്.

പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാലയം മുൻപന്തിയിൽ തന്നെയാണ്- കലാകായിക, ശാസ്ത്ര, ഗണിതശാസ്ത്ര മേളകളിൽ മികച്ച വിജയം കരസ്ഥമാക്കാൻ ഞങ്ങളുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. എൽ.എസ്.എസ് പരീക്ഷയിൽ മികച്ച വിജയം നേടാൻ കഴിഞ്ഞത് സ്കൂളിന്റെ മുന്നോട്ടുള്ള വിജയയാത്രയിൽ ഏറെ ഗുണം ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

## പ്രധാന പ്രതിസന്ധികൾ

- സ്കൂളിന് സൗകര്യപ്രദമായ ഗ്രൗണ്ട് ഇല്ല
- കുട്ടികൾക്ക് ആവശ്യമായ ബെഞ്ച്, ഡെസ്ക് ഇവ ഇല്ല
- സ്കൂളിന് ചുറ്റുമതിൽ ഇല്ല
- കൈ കഴുകാൻ ആവശ്യമായ പൈപ്പ് ഇല്ല.
- കമ്പ്യൂട്ടർ ലാബ് ഇല്ല

## പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ വന്നുചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും
- കുട്ടികളുടെ സർഗ്ഗവാസനയും, അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- കുട്ടികൾക്ക് ഇടയ്ക്കിടെ ബോധവൽക്കരണ ക്ലാസുകൾ നടത്തും.

ഉപമേഖല - ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|---|
| 2. | ഗണിതശേഷി വികസനം<br><br>ഗണിതമധുരം | I<br>II<br>III<br>IV | സംഖ്യാബോധം ഉറപ്പിക്കൽ, ഗണിത കിറ്റ് (മഞ്ചാടി, മുത്തുകൾ, ഈർക്കിൽ കെട്ട്, വളകൾ, പൊട്ടുകൾ) എണ്ണലും പാട്ടും, ചിത്രങ്ങൾ, മണിച്ചട്ട, അബാക്കസ്, സ്ഥാനവില പോക്കറ്റ് ഇവ ഉപയോഗിച്ചുള്ള പഠനം.<br><br>കുസൃതി കണക്കുകൾ, പസിലുകൾ, ചതുഷ്ക്രിയകൾ, അളവുപാത്രങ്ങൾ, ഉപയോഗിച്ചു അളക്കൽ, തൂക്കക്കട്ടികൾ, ത്രാസ് ഇവ ഉപയോഗിച്ച് ഭാരം അളക്കൽ, നീളം അളക്കൽ, ക്ലോക്ക്, രൂപങ്ങൾ, സംഖ്യാമാല, പാറ്റേൺ മാഗസിൻ | 2025-2026 | ക്ലാസ് ടീച്ചർ | |

## പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 4. | ശാസ്ത്രാഭിരുചി വളർത്തൽ | I<br>II<br>III<br>IV | ചുറ്റുപാടും നിരീക്ഷിക്കൽ, തരംതിരിക്കൽ (വേര്, ഇല), പരീക്ഷണങ്ങളിൽ ഏർപ്പെടൽ, നിഗമനങ്ങളിൽ എത്തിച്ചേരൽ ചിത്രശലഭങ്ങളെ നിരീക്ഷിക്കൽ, രേഖപ്പെടുത്തൽ, മാപ്പ് പഠനം (ഇന്ത്യ, കേരളം) ദിനാചരണങ്ങൾ, പതിപ്പ്, ക്വിസ് | 2025-2026 | ക്ലാസ് ടീച്ചർ & പിടിഎ | |
| 5 | ഒന്നാം ക്ലാസ് ഒന്നാന്തരം | | ക്ലാസ്റൂം അലങ്കരിക്കൽ, ചുമർ ചിത്രങ്ങൾ, കഥാചിത്രങ്ങൾ, മനോഹരമായ ഇരിപ്പിടങ്ങൾ, ഇന്റർനെറ്റ് സൗകര്യം. | | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ലാബുകൾ | ഭാഷ, ഗണിതം, സയൻസ് എന്നിവയിൽ ലാബുകൾ ഉണ്ടാക്കുക. ഓരോ കുട്ടിയും പരീക്ഷണങ്ങളിൽ ഏർപ്പെടുക | | | |
| | അഭിമുഖങ്ങൾ | വിദഗ്ധരുമായി അഭിമുഖം (കർഷകർ, ഡോക്ടർ.....) | 2025-2026 | ടീച്ചർ | |
| | പഠനയാത്ര ഫീൽഡ്ട്രിപ്പ് | വിവിധ സ്ഥലങ്ങൾ സന്ദർശിക്കൽ, പ്രകൃതിയെക്കുറിച്ച് പഠിക്കൽ | | | |
| | കലാകായിക മേള, LSS GK അറിവ് വർദ്ധിപ്പിക്കൽ | പത്രവായന, സൈക്കിൾ പരിശീലനം, യോഗ, ക്വിസ്, ഇംഗ്ലീഷ് സ്പെഷ്യൽ ക്ലാസ്, ദിനാചരണ ക്വിസ് | | | |

# ഉപസംഹാരം

തികച്ചും കാർഷിക പശ്ചാത്തലമുള്ള ഒരു ഗ്രാമത്തിൽ നല്ലൊരു ജനസമൂഹത്തെ വിദ്യാഭ്യാസപരമായി കൈ പിടിച്ചുയർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച സ്ഥാപനമാണ് ജി.എൽ.പി.എസ് പൂവംപൊയിൽ.

പൊതുജനങ്ങളുടെയും പി.ടി.എയുടെയും എസ്.എസ്.ജിയുടെയും, പഞ്ചായത്തിന്റെയും രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകരുടെയും നിരന്തരമായ ഇടപെടലുകളും ഒത്തൊരുമയോടെയുള്ള പ്രവർത്തനവും ഈ വിദ്യാലയത്തിലുണ്ട്.'

ആസ്ബറ്റോസിന്റെ ശല്യം ഇല്ലാത്ത, പുതിയ സ്കൂൾ കെട്ടിടത്തിലേക്ക് ഈ വർഷം മാറാൻ കഴിഞ്ഞത് ഞങ്ങൾക്ക് വലിയൊരു ആശ്വാസവും പ്രതീക്ഷയുമാണ് നൽകുന്നത്. എല്ലാവരുടെയും സഹകരണത്തോടെ ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഏറെ പ്രതീക്ഷകളോടെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു

| ക്രമ നമ്പർ | ലക്ഷ്യം | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ഉത്ത... |
| --- | --- | --- | --- | --- | --- |
| 6 | കവിതാ-കഥാ-ശില്പശാല | I മുതൽ IV വരെ ക്ലാസുകൾ | കവിതാരചന, കഥാരചന, ആസ്വാദനം എന്നിവയിൽ കുട്ടികളെ കഴിവുള്ളവരാക്കൽ | 2025-2026 | പി.ടി.എ... പഞ്ചായത്ത് ടീച്ചർ |
| 7 | സ്മാർട്ട് ക്ലാസ് റൂം | | ഭാഷ, ഗണിതം, ഇവ ഐ.സി.ടി സഹായത്തോടെ അനായാസം കുട്ടികളിൽ എത്തിക്കുക | | |

ENGLISH

| SL. NO | AIM | TARGET GROUP | ACTIVITIES | TIME | DUTY |
|---|---|---|---|---|---|
| 3 | Children can able to read, write, and Speak in English | I<br>II<br>III<br>IV | Pre-Test<br>English Assembly<br>Speak in English<br>Short Story reading<br>Word making<br>Word card<br>Puzzles<br>Description, Thought, Skit, Conversation, Choreography | 2025-2026 | Class Teachers |

മേഖല :- അക്കാദമികം

ഉപമേഖല – മലയാളം

| കോഡ് നമ്പർ | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഭാഷാ ശേഷി വികസനം | I<br>II<br>III<br>IV | പ്രീ-ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരക്കാർഡ് നൽകൽ, വാക്കുകൾ എഴുതിയ കാർഡ് - വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കൽ.<br>ചിത്രം – അടിക്കുറിപ്പ് നൽകൽ<br>ചിത്രം – കഥ പറയൽ, കഥ എഴുതൽ<br>വായനാ കാർഡ്, പത്രവായന, ICT പതിപ്പ്, പുസ്തക വിതരണം, അമ്മ വായന, കടങ്കഥ ശേഖരണം, പഴഞ്ചൊല്ല്, നാടൻപാട്ട്. | 2025–2026 | ക്ലാസ് ടീച്ചർ | |

അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ.

## പ്രവർത്തന വിശദാംശങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനപരിപോഷണം
- ശാസ്ത്രാഭിരുചി വളർത്തൽ
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- കവിത, കഥ ശില്പശാല
- സ്പോക്കൺ ഇംഗ്ലീഷ്
- ജി.കെ പ്രതിവാര ക്വിസ്, മെഗാ ക്വിസ്
- പഠനയാത്രകൾ, ഫീൽഡ് ട്രിപ്പുകൾ
- കലാ-കായിക പ്രവൃത്തിപരിചയ മേളകൾ
- എസ്. ആർ. ജി ശാക്തീകരണം
- ശാസ്ത്രപരീക്ഷണ ശില്പശാല
- അമ്മവായന, കുഞ്ഞുവായന
- ഹൈടെക് ക്ലാസ് മുറികൾ
- പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം
- ശാസ്ത്രപരീക്ഷണം (ആഴ്ചയിൽ ഒന്ന്)
- Growing English Dictionary
- നാടൻപാട്ട് ശില്പശാല
- കളിയരങ്ങ് (എല്ലാ വെള്ളിയാഴ്ചകളും)
- LSS പ്രത്യേക പരിശീലനം